**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1609** 05/12/2014-**ൽ മറുപടിയ്ക്ക്**

"നഗരകാര്യ വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ "

| **ചോദ്യം**<br>**ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ** | | **മറുപടി**<br>**ശ്രീ.മഞ്ഞളാംകുഴി അലി ( നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് ? | (ബി) | ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി, ജനകീയാസൂത്രണ പദ്ധതിയിലെ ഭവന പദ്ധതി, ആശ്രയ ഭവന നിർമ്മാണ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP),നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP),രാജീവ് ആവാസ് യോജന, (RAY) എന്നിവയിലെ ഭവന നിർമ്മാണ പദ്ധതികളുമാണ് നഗരകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികൾ. ഇ.എം.എസ് ഭവന പദ്ധതി 31.03.12 -ന് അവസാനിച്ചുവെങ്കിലും ടി കാലയളവിനു മുമ്പ് കരാർ വച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന ധനസഹായം നൽകി വരുന്നു. ഇതിനു പുറമെ ജനകീയാസൂത്രണ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭകൾ രൂപകൽപ്പന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളും ഉണ്ട്. |
| (ബി) | ഭവന നിർമ്മാണത്തിന് നഗരകാര്യ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) | നഗരത്തിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതി (BSUP),സംയോജിത പാർപ്പിട ചേരി വികസന പരിപാടി (IHSDP),രാജീവ് ആവാസ് യോജന, (RAY) എന്നിവയാണ് ഭവന നിർമ്മാണത്തിന് നഗരകാര്യ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ. |
| (സി) | ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ ഏതെല്ലാമാണ് ? ഈ പദ്ധതിയുടെ ആനുകൂല്യം ആർക്കെല്ലാം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | ഭവനപദ്ധതികളിലെല്ലാം തന്നെ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം ഉറപ്പു വരുത്താറുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടി മാത്രമായി പ്രത്യേക ഫണ്ട് (സ്പെഷൽ കംപോണന്റ് പ്ലാൻ) വകയിരുത്തി അതിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നഗരസഭകളിൽ നടപ്പാക്കി വരുന്ന ഭവന പദ്ധതികളും ടി വിഭാഗക്കാർക്ക് മാത്രമായുള്ളതാണ്. |

സെക്ഷൻ ഓഫീസർ